പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട 12.02.2013 ൽ മറുപടിയ്ക്ക്

നിയമസഭാ ചോദ്യം നം: *160

## പോലീസുകാർ ഉൾപ്പെട്ട സദാചാരപോലീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ്<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പുമന്ത്രി) |

(എ) ആലപ്പുഴ ബീച്ചിൽ ഭർത്താവിനോടൊപ്പം ഇരുന്ന യുവതി സിന്ദൂരം തൊട്ടിട്ടില്ലെന്ന കാരണം പറഞ്ഞ് ഇരുവരെയും പോലീസ് അറസ്റ്റ് ചെയ്ത്, പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി പീഡിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) ആലപ്പുഴ ബീച്ചിൽ ഭർത്താവിനോടൊപ്പം ഇരുന്ന യുവതിയെ സിന്ദൂരം തൊട്ടിട്ടില്ലെന്ന കാരണം പറഞ്ഞ് പോലീസ് അറസ്റ്റു ചെയ്യുകയോ സ്റ്റേഷനിൽ കൊണ്ടുപോയി പീഡിപ്പിക്കുകയോ ചെയ്തിട്ടില്ല.

എന്നാൽ, 12.12.2012 വൈകുന്നേരം 3.50 മണിക്ക് ആലപ്പുഴ മുപ്പാലത്തിനു പടിഞ്ഞാറു വശം റോഡ് സൈഡിലെ ബഞ്ചിൽ ഒരു സ്ത്രീയും പുരുഷനും പരസ്യമായി സ്നേഹപ്രകടനം നടത്തി യാത്രക്കാർക്കും മറ്റും ബുദ്ധിമുട്ടുണ്ടാക്കുന്നതായി ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ ഫോൺ മുഖേന ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റേഷൻ എമർജൻസി ഡ്യൂട്ടി നോക്കിവന്നിരുന്ന GSI ബാലചന്ദ്രൻ നായർ, സി.പി.ഒ. 6011 സിയാദ്, ഡ്രൈവർ CPO 5071 നൗഷാദ് എന്നിവർ സ്റ്റേഷൻ ജീപ്പിൽ സ്ഥലത്തു ചെല്ലുകയും സഭ്യമല്ലാത്ത രീതിയിലും പൊതുജനങ്ങൾക്ക് അവമതിപ്പുണ്ടാക്കുന്ന രീതിയിലും പെരുമാറിയ പ്രസ്തുത സ്ത്രീയെയും, പുരുഷനെയും ചോദ്യം ചെയ്യുകയും എന്നാൽ മേൽവിലാസം നൽകാതെ അവർ പോലീസിനോട്

.......2

പ്രകോപനപരമായി പ്രതികരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ സംഭവത്തിൽ ആളുകൾ കൂട്ടം കൂടാൻ ഇടവന്ന സാഹചര്യത്തിൽ പ്രസ്തുത സ്ത്രീയെയും, പുരുഷനെയും സ്റ്റേഷനിലേയ്ക്ക് കൂട്ടിക്കൊണ്ടുവരികയും, വനിതാ പോലീസ് WCPO 6283 ജെസ്സിമോളുടെ സാന്നിദ്ധ്യത്തിൽ പേരും വിലാസവും ചോദിച്ചു മനസ്സിലാക്കി ഭാര്യാഭർത്താക്കന്മാരാണോ എന്ന് അന്വേഷിച്ചതിൽ അവർ ഭാര്യാഭർത്താക്കന്മാരാണെന്ന് തെളിഞ്ഞതിനാൽ പൊതുസ്ഥലത്ത് യാത്രക്കാർക്കും മറ്റും അസഹ്യത ഉളവാക്കുന്ന തരത്തിൽ പെരുമാറിയതിന് 290 ഐ.പി.സി. പ്രകാരം ഇരുവരുടേയും പേരിൽ പെറ്റിക്കേസ് എടുത്ത് ബന്ധുക്കളുടേയും, സുഹൃത്തുക്കളുടേയും സാന്നിദ്ധ്യത്തിൽ വിട്ടയച്ചിട്ടുള്ളതാണ്.

പ്രസ്തുത വിഷയം സംബന്ധിച്ച് രാജേഷും, രശ്മിയും പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി GSI ബാലചന്ദ്രൻ നായരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും CPO 6011 സിയാദിനെ വീയപുരം പോലീസ് സ്റ്റേഷനിലേയ്ക്കും, ഡ്രൈവർ SCPO 5071 നൗഷാദിനെ DHQ ലേയ്ക്കും സ്ഥലം മാറ്റിയിട്ടുള്ളതും ടി പോലീസ് ഉദ്യോഗസ്ഥർക്കും WCPO 6283 ജെസ്സിമോൾക്കുമെതിരെ വകുപ്പുതല നടപടികൾക്ക് ഉത്തരവായിട്ടുള്ളതുമാണ്.

| | |
|---|---|
| (ബി) സംസ്ഥാനത്ത് പോലീസുകാർ തന്നെ സദാചാരപോലീസ് ചമയുന്നതു വർദ്ധിച്ചു വരുന്നത് സർക്കാരിനറിയാമോ; | (ബി) (സി) & (ഡി) പോലീസുകാരുടെ ഭാഗത്തു നിന്ന് അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഇത്തരം സംഭവങ്ങൾ ആവർത്തിച്ചു വരുന്ന സാഹചര്യമെന്താണെന്ന് അന്വേഷിച്ചിട്ടുണ്ടോ ; | |

| | | | |
|---|---|---|---|
| (ഡി) | പോലീസുകാർ തന്നെ സദാചാര പോലീസ് ചമഞ്ഞതു സംബന്ധിച്ച് എത്ര കേസ്സുകൾ നിലവിലുണ്ട് ; | | |
| (ഇ) | പോലീസിന്റെ ഭാഗത്തുനിന്ന് ഇത്തരം നടപടികൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കുമോ ; | (ഇ) & (എഫ്) | ഉദിക്കുന്നില്ല. |
| (എഫ്) | ഇത്തരക്കാരെ നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ ? | | |

സെക്ഷൻ ഓഫീസർ